# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1834. | 05.10.2016 ലെ മറുപടിയ്ക്ക്.

## പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ പരിശീലന പദ്ധതികൾ

**ചോദ്യം**

**ശ്രീ. ആർ . രാമചന്ദ്രൻ**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**

പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് എന്തെ ല്ലാം കർമ്മപദ്ധതികളാണ് നടപ്പി ലാക്കി വരുന്നതെന്ന് വ്യക്തമാ ക്കമോ ; | (എ) | അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ പട്ടികജാതി യുവതിയുവാക്കളും. പട്ടിക ജാതിക്കാർ ഉൾപ്പെടുന്ന ഗ്രൂപ്പുകളും ബാങ്കുകളിൽ നിന്നും സ്വയംതൊഴിൽ പദ്ധതിപ്രകാരം സ്വീകരിക്കുന്ന ബാങ്ക് വായ്പയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി, വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 3 ലക്ഷം രൂപവരെയുള്ള പ്രൊജക്ടുകൾക്കും 1/3 സബ്സിഡി നല്കുന്ന പദ്ധതിയും, പത്തോ, അതിലധികമോ പട്ടിക ജാതിക്കാർ അംഗങ്ങളായിട്ടുള്ള സ്വയം സഹായസംഘങ്ങൾ, 80% പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് പ്രോജക്ട് റിപ്പോ ർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊ ഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | സ്വയംതൊഴിൽ പരിശീലന പദ്ധതി കൾ നടപ്പിലാക്കിയിട്ടുണ്ടോ ; സാമ്പ ത്തിക സഹായം ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവി ലുള്ളത് ; വിശദീകരിക്കാമോ ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭി ക്കാൻ സന്നദ്ധരായവരുമായ യുവതിയുവാ ക്കളെ കണ്ടെത്തി അവർക്ക് കേരള സ്റ്റാർട്ട്അപ് മിഷന്റെ (KSUM) നേതൃത്വ ത്തിൽ പരിശീലനം നല്കുന്ന ഒരു പദ്ധതിയ്ക്ക് 2015-16 സാമ്പത്തികവർഷം വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യാഭ്യാസ മേഖലയിലോ ഇതര മേഖ ലയിലോ അഭിരുചി ഉള്ളവർക്ക് സ്വയം സംരംഭങ്ങൾ ആരംഭിപ്പിക്കുന്നതിന് ഈ പദ്ധതി പ്രകാരം പരിശീലനം നേടാവു ന്നതാണ്. കൂടാതെ വകുപ്പിൽ നിന്നും പ്രോജക്ട് റിപ്പോർട്ടിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന ത്തിൽ സ്വയംതൊഴിൽ സംരംഭം ആരംഭിക്കാൻ ധനസഹായം അനുവദി ക്കുന്ന പദ്ധതിയ്ക്കായി പരിഗണിച്ച പട്ടിക ജാതി സ്വയം സഹായ സംഘങ്ങൾക്ക് സംരംഭം ആരംഭിക്കാനുള്ള പരിശീലനവും, മാർഗ്ഗ നിർദ്ദേശങ്ങളും കുടുംബശ്രീയിലെ MEC (Micro Enterprises Consultant) മുഖേനയും നടത്തി വരുന്നു. സ്വയംതൊഴിൽ ബാങ്ക് വായ്പയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതിയും, പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം സഹായ സംഘങ്ങൾക്ക് ധഹസഹായം അനുവദിക്കുന്ന പദ്ധതിയുമാണ് വകുപ്പിൽ നിലവിലുള്ളത്. |
| (സി) | പ്രസ്തുത വിഭാഗങ്ങൾക്ക് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരി ക്കുമോ ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കളുടെയും, ഉദ്യോഗാർത്ഥികളുടെയും സ്കിൽ ഡെവലപ്പമെന്റ് കാര്യക്ഷമമായി പരിപോ ഷിപ്പിക്കുന്നതിനും, സാങ്കേതിക മേഖലയിലും ഇതര മേഖലയിലും അവർക്ക് ജോലി ലഭിക്കുന്നതിലേയ്ക്കുമായി വകുപ്പിന്റെ കീഴിൽ 44 ഐ.റ്റി.ഐ കൾ നിലവിൽ പ്രവർത്തി ച്ചുവരുന്നു. 10 വ്യത്യസ്ത സാങ്കേതിക ട്രേഡുക ളിലായി 1828 പട്ടികജാതി / പട്ടിക വർഗ്ഗ / ഇതര വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പ്രസ്തുത ഐ. റ്റി. ഐ കൾ മുഖാന്തിരം ഏകവത്സര/ദ്വിവത്സര പഠനം കഴിഞ്ഞ് ഓരോ വർഷവും പുറത്ത് വരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ സാങ്കേതിക വിദ്യാഭാസ രംഗത്തെ മുൻനിര സ്ഥാപനമായ NTTF ന്റെ ആഭിമുഖ്യത്തിൽ ഒരു കമ്മ്യൂണിറ്റി കോളേജ് പ്രവർത്തിച്ചു വരുന്നു. ഇവിടെ വർഷം 20 വിദ്യാർത്ഥി കൾക്ക് CPPM (Certificate Programme in Precision Mechinist) എന്ന സർട്ടിഫിക്കറ്റ് കോഴ്സിനും പരിശീലനം നല്കി വരുന്നു. ഇതിന് പുറമേ പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളുടെയും, വിദ്യാർത്ഥികളു ടെയും വിവിധ തലത്തിലുള്ള നൈപുണ്യ വികസനം ലക്ഷ്യമിട്ട് സർക്കാർ/ അർദ്ധ സർക്കാർ / സ്വകാര്യ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാരിന്റെ അനുമതിയോടെ വകുപ്പ് നടപ്പിലാക്കി വരുകയും ചെയ്യുന്നു. |

Ajilal

**സെക്ഷൻ ഓഫീസർ.**